**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5327** **05-07-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് അറിയിക്കുമോ; | (എ) | ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളുടെ എണ്ണം ഗ്രാമ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു. |

| നമ്പർ | ഗ്രാമ പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | അരുവിക്കര | 38 |
| 2 | ആര്യനാട് | 17 |
| 3 | തൊളിക്കോട് | 17 |
| 4 | വിതുര | 20 |
| 5 | ഉഴമലക്കൽ | 17 |
| 6 | വെള്ളനാട് | 18 |
| 7 | കുറ്റിച്ചൽ | 15 |
| 8 | പൂവച്ചൽ | 28 |
| ആകെ | | 170 |

| | | | |
|---|---|---|---|
| (ബി) | കൃഷിക്കൂട്ടങ്ങളുടെ സ്ഥിരമായ പ്രവർത്തനത്തിന് സഹായകരമായ രീതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | കൃഷിക്കൂട്ടങ്ങളുടെ സ്ഥിരമായ പ്രവർത്തനത്തിന് സഹായകരമാകുന്ന രീതിയിൽ ഒരു സംഘടനാ സംവിധാനം ആസൂത്രണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ കൃഷിക്കൂട്ടങ്ങൾക്ക് ഒരു അപ്പെക്സ് ബോഡി രൂപീകരിക്കുന്നുണ്ട്. കൃഷിക്കൂട്ടങ്ങളുടെ പ്രസിഡന്റ്/ സെക്രട്ടറിമാരിൽ നിന്നായിരിക്കും പഞ്ചായത്ത് തല അപ്പെക്സ് ബോഡി തെരഞ്ഞെടുക്കുക. ഈ അപെക്സ് ബോഡിക്ക് പഞ്ചായത്തു തലത്തിൽ ഓട് ഭരണ സമിതിയും, ഒരു പൊതു സഭയും ഉണ്ടായിരിക്കും. കൃഷിക്കൂട്ടങ്ങളെ ചേർത്ത് കർഷക ഉല്പാദക സംഘടനകൾ (FPO) ഉണ്ടാക്കുക, കർഷക ഉല്പാദക സംഘനകളെ കർഷക ഉല്പാദക കമ്പനികളാക്കുക തുടങ്ങിയവ കൃഷിക്കൂട്ടം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം സ്ഥായിയായി നിലനിൽക്കുന്നതിനു ഇടയാക്കും. ഉല്പാദന, സേവന, വിപണന മേഖലയിലെ |

| | | | |
|---|---|---|---|
| | | | കൃഷിക്കൂട്ടങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന രീതിയിലായിരിക്കും കർഷക ഉല്പാദക സംഘടനകൾ പ്രവർത്തിക്കുക. ഉല്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ ഫാം പ്ലാനുകളുമായി സംയോജിപ്പിക്കുന്ന പ്രവർത്തനവും നടപ്പിലാക്കുന്നതാണ്. കൃഷിക്കൂട്ടങ്ങൾ കേന്ദ്രീകരിച്ചുള്ള FPO കൾക്കും കൃഷിക്കൂട്ടങ്ങൾക്കും മികവിന്റെ അടിസ്ഥാനത്തിൽ വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് നല്കുന്നുണ്ട് കൃഷിക്കൂട്ടങ്ങളിൽ ഉൾപ്പെടുന്ന കർഷകരെ സംരംഭകരാക്കി മാറ്റുവാൻ ആവശ്യമായ പിന്തുണയും വിവിധ ഏജൻസികൾ വഴി നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ